ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ഒറ്റപ്പെട്ടു നിൽക്കുന്നവരെ പിശാച് പിടിക്കും

عَنْ مُعَاذ بْن جَبَل رَضِيَ اللهُ عَنْهُ: قَالَ رَسُولُ اللهِ صَلّى اللهُ عَلَيْهِ وَسَلَّمَ: إِنَّ الشَّيْطَانَ ذِئْبُ
الْإِنْسَانِ كَذِئْبِ الْغَنَمِ يَأْخُذُ الشَّاذَّةَ وَالْقَاصِيَةَ وَالنَّاحِيَةَ وَإِيَّاكُمْ وَالشِّعَابَ وَعَلَيْكُمْ بِالْجَمَاعَةِ وَالْعَامَّةِ

**മുആദുബ്നു ജബലി(റ)ൽനിന്ന്. നബി (സ) അരുളി: ''ചെന്നായ ആടുകളെ വേട്ടയാടുന്നപോലെ മനുഷ്യരെ വേട്ടയാടുന്ന ചെന്നായയാണ് പിശാച്. കൂട്ടം തെറ്റി, ഒറ്റപ്പെട്ട്, അകന്നുപോകുന്നതിനെയാണ് ചെന്നായ വേട്ടയാടുക. അതിനാൽ നിങ്ങൾ വേറിട്ടുപോകുന്നത് സൂക്ഷിക്കുക. സംഘടനയോടും സാധാരണക്കാരോടും ചേർന്നു നിൽക്കുക'' (മിശ്കാത്ത്).**

വിശ്വാസികൾക്ക് ദൈവദൂതൻ നൽകുന്ന മഹത്തായ സന്ദേശമാണ് ഈ ചെറിയ വചനത്തിൽ അടങ്ങിയിരിക്കുന്നത്. വിശുദ്ധ ഖുർആൻ ആവർത്തിച്ചുണർത്തിയ കാര്യം തന്നെയാണ് പ്രവാചകൻ ഉദാഹരണസഹിതം വ്യക്തമാക്കുന്നത്. ഖുർആൻ പറയുന്നു: ''വിശ്വാസികളേ, നിങ്ങളെല്ലാവരും ഒന്നിച്ചുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപ്പിടിക്കുവിൻ. നിങ്ങൾ ഭിന്നിച്ചു പോകരുത്'' (*ആലുഇംറാൻ:* 103).

നബിവചനത്തിന്റെ വിശദീകരണം ഉൾക്കൊള്ളാൻ സഹായകമാണ് ഈ ഖുർആൻ സൂക്തത്തിന്റെ വിശദീകരണം: ''അല്ലാഹുവിന്റെ പാശമെന്നാൽ അല്ലാഹുവിന്റെ ദീനാണ്. വിശ്വാസികളെ ദൈവത്തോട് ബന്ധിപ്പിക്കുന്ന പാശമാണ് സത്യദീൻ. സത്യവിശ്വാസികളെയാകമാനം പരസ്പരം കൂട്ടിയിണക്കി സുശക്തമായ ഒരു പാർട്ടിയാക്കിത്തീർക്കുന്നതും ദൈവികമതം തന്നെ. ആ പാശം മുറുകെപ്പിടിക്കുക എന്നതിന്റെ താൽപര്യം ഇതത്രെ: മുസ്‌ലിംകൾക്ക് അല്ലാഹുവിന്റെ ദീനായിരിക്കണം സർവപ്രധാനം. അവരുടെ അഭിരുചിയും അഭിനിവേശവും അതിലായിരിക്കണം. ദീനിന്റെ സ്ഥാപനത്തിൽ അവർ പ്രവർത്തനനിരതരായിരിക്കുകയും അതിന്റെ സേവനാർഥം പരസ്പരം സഹകരിക്കുകയും വേണം'' (*തഫ്ഹീമുൽ ഖുർആൻ*).

ഈ സംഘശക്തിയെ തടയാനും ദുർബലമാക്കാനും കഴിയുന്നതെല്ലാം പിശാച് ചെയ്തുകൊണ്ടിരിക്കും. സംഘടനയെ പൈശാചിക ശക്തികൾ ആയുധബലം കൊണ്ടും സൈനികശക്തി കൊണ്ടും അടിച്ചമർത്തും. പ്രകോപനങ്ങളാലും പ്രലോഭനങ്ങളാലും ഇസ്‌ലാമിന്റെ സംഘടിത ശക്തിയെ ദുർബലമാക്കാൻ ശ്രമിക്കും. തീവ്രതയും ഭീകരതയും ആരോപിച്ച് ഉന്മൂലനം ചെയ്യാൻ ശ്രമിക്കും.

എന്നാൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭദ്രമായ സംഘടനാ സംവിധാനത്തിനും വിസ്മയാവഹമായ വിവേകത്തിനും സഹനത്തിനും മുമ്പിൽ ഇതെല്ലാം പരാജയപ്പെടും. അല്ലാഹുവിന്റെ പ്രീതിയും പരലോകമോക്ഷവും ലക്ഷ്യം വെച്ച് വിശുദ്ധ ഖുർആനും തിരുചര്യയും മാർഗദർശനമായി അംഗീകരിച്ച ഇസ്‌ലാമിക സംഘത്തിനു മാത്രമേ ഈ വെല്ലുവിളിയെ അതിജീവിക്കാനാകൂ.

എന്നാലും പിശാചും പൈശാചിക ശക്തികളും നിരാശരാവുകയില്ല. വ്യക്തികളെ ഇസ്‌ലാമികപ്രസ്ഥാനത്തിൽനിന്ന് അടർത്തിയെടുത്ത് സംഘടനയെ ദുർബലപ്പെടുത്താനും വ്യക്തികളുടെ ഭാവി നശിപ്പിക്കാനും നിരന്തരം ശ്രമിക്കും. അവിടെയാണ് ഈ നബിവചനം ശക്തമായ താക്കീതുമായി പ്രസ്ഥാനത്തിന്റെയും പ്രവർത്തകരുടെയും മുന്നിലെത്തുന്നത്. ആട്ടിൻകൂട്ടത്തിനു പിന്നാലെ ഒളിഞ്ഞും തെളിഞ്ഞും പതുങ്ങിയും നടക്കുന്ന ചെന്നായ്ക്കൾ ഒറ്റതിരിയുന്ന സ്വഭാവമുള്ള ആടിന്റെ നേരെ കണ്ണ് വെക്കുന്നതുപോലെ സംഘടനയുമായി അൽപമൊന്നകലുന്ന പ്രവണതയുള്ള വ്യക്തികളെ നോട്ടമിട്ട് പതുക്കെ കൂട്ടം തെറ്റിച്ചു കൊണ്ടുപോകാൻ ശ്രമിക്കുന്ന പിശാചിനെ ഓരോ പ്രവർത്തകനും കരുതിയിരിക്കണം. 'ഞാൻ ഈ സാധാരണക്കാരോടൊപ്പം നിൽക്കേണ്ടവനല്ല' എന്ന് സ്വയം വിസ്മയപ്പെട്ട് അകലുന്നവരെയും ഈ നബിവചനം ശക്തമായി താക്കീതു ചെയ്യുന്നു. നയനിലപാടുകളിലെ വിയോജിപ്പു കൊണ്ടും സംഘടനയിൽനിന്ന് അകലാം. വ്യത്യസ്ത വീക്ഷണഗതികളുള്ള സ്വഹാബത്ത് തന്നെയാണ് ഭദ്രമായ കെട്ടിടം പോലെ ഒറ്റ അണിയായി നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്തത്. അവരായിരിക്കണം നമ്മുടെ മാതൃക. ●